# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 2120

19.06.2012-ൽ മറുപടിക്ക്.

### കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് ആരംഭിക്കുന്ന സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനത്ത് എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; | (എ) കേന്ദ്ര പൊതു മേഖലാസ്ഥാപനങ്ങളുമായി ചേർന്ന് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി താഴെപ്പറയുന്ന പദ്ധതികളുടെ നടപടികളിലാണ്.<br><br>1. കെ.എസ്.ഐ.ഡി.സിയും കെ.ഐ.ഒ.സി.എൽ ലിമിറ്റഡും ചേർന്ന് കോഴിക്കോട്/ കാസറഗോഡ് ജില്ലയിൽ ഇരുമ്പ് അയിര് ഖനനം ചെയ്യുന്നതിനും, ഉരുക്ക്നിർമ്മാണശാല സ്ഥാപിയ്ക്കുന്നതിനും വേണ്ടി 2011 സെപ്തംബർ മാസത്തിൽ ഒരു ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.<br><br>2. കെ.എസ്.ഐ.ഡി.സിയും ഹഡ്കോയും ചേർന്ന് കേരളത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാധ്യതാവലോകനങ്ങൾക്കും, ധനവിനിയോഗത്തിനും മറ്റ് അനുബന്ധ പദ്ധതികൾക്കുമായി 2011 സെപ്തംബർ മാസത്തിൽ ഒരു ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിലെ ഇരിണാവിൽ കിൻഫ്രയുടെ കൈവശമുള്ള 164.22 ഏക്കർ സ്ഥലത്ത് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള കോസ്റ്റ് ഗാർഡിന് അവരുടെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനായി ഭൂമി നല്കുകയും പ്രസ്തുത അക്കാദമിയുടെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) മുൻ സർക്കാർ ഇത്തരത്തിൽ എത്ര സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. അവ ഓരോന്നിന്റെയും ഇപ്പോഴത്തെ പ്രവർത്തനം വിശദമാക്കാമോ?. | (ബി) മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ഐ.ഡി.സി മുഖേന താഴെപ്പറയുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചിരുന്നു.<br><br>1. കേരളത്തിൽ പ്രകൃതിവാതക വിതരണ ശൃംഖല ഉണ്ടാക്കുന്നതിനു വേണ്ടി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഗെയിൽ ഇൻഡ്യയും ചേർന്ന് ഒരു ധാരണാപത്രം ഒപ്പുവെയ്ക്കുകയുണ്ടായി. ഇപ്പോൾ ഗെയിൽ ഇൻഡ്യയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും കെ.എസ്.ഐ.ഡി.സിയും പങ്കാളികളായുള്ള കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി രൂപികരിച്ചിട്ടുണ്ട്. ഈ സംയുക്ത സംരംഭം കെ.എസ്.ആർ.ടി.സിയ്ക്ക് സി.എൻ.ജി സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഗ്യാസ് അധിഷ്ഠിത വൈദ്യുത പദ്ധതിക്കും ഗ്യാസ് അധിഷ്ഠിത ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. കെ.എസ്.ഐ.ഡി.സിയും എഫ്.എ.സി.ടി.യും സംയുക്തമായി ഒരു ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. കരട് പ്രായോഗികതാ റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും എഫ്.എ.സി.ടി.യിൽ നിന്നും പദ്ധതിയ്ക്കുവേണ്ട സ്ഥലം ലഭ്യമാക്കാത്തതിനെ തുടർന്ന് പദ്ധതിയിൽ പുരോഗതിയില്ല.<br><br>3. 2011 ജനുവരി മാസത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ഇൻ ഡിഫൻസ് ഷിപ്പ് ബിൽഡിങ്ങ് (NIRDESH) എന്ന രാജ്യാന്തര തലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി കോഴിക്കോട് ചാലിയത്ത് തറക്കല്ലിടുകയുണ്ടായി. ഇതിനുവേണ്ടി സംസ്ഥാന സർക്കാർ ബേപ്പൂരിനടുത്തുള്ള ചാലിയത്ത് 40.5 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.<br><br>മുൻ സർക്കാരിന്റെ കാലത്ത് കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള 3 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| SL.No. | Project | Zone |
|---|---|---|
| 1 | Hindustan Aeronautics Ltd. KINFRA Park, Kasargod | Avionics division |
| 2 | BEML,KINFRA Park, Palakkad | Metro rail/Rail |
| 3 | Bharat Electronics Ltd, KINFRA Hitech Park, Kochi | Support centre |

മേൽ പറഞ്ഞ സംരംഭങ്ങളിൽ BEL,BEML എന്നിവയുടെ ഒന്നാംഘട്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച മറ്റ് സംയുക്ത സംരംഭങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ൽ ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

### 1. TELK-NTPC

- National Thermal Power Corporation Ltd (NTPC) യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള ധാരണാപത്രം അനുസരിച്ച് ടെൽക്കിന്റെ മൂലധനത്തിൽ നിന്നും 44.60% ന്റെ തത്തുല്യ തുകയായ 31.34 കോടി രൂപ NTPC TELK ന് നൽകിയിട്ടുണ്ട്. സംയുക്ത കരാറിലൂടെ ഏകദേശം 188 കോടി രൂപയുടെ വികസനത്തിനാണ് TELK ലക്ഷ്യമിടുന്നത്.

### 2. Kerala Hi-tech Industries Ltd (KELTEC)

- സംസ്ഥാനത്തെ വ്യവസായവുകുപ്പിന്റെ അധീനതയിലായിരുന്ന പൊതുമേലാസ്ഥാപനമായ കെൽടെക് ഇൻഡ്യാ ഗവണമെന്റും റഷ്യൻ ഗവൺമെന്റും ചേർന്നുള്ള '' സംയുക്ത സംരഭമായ '' ബ്രഹ്മോസ് എയറോസ്പേസിന് 31st December 2007 ൽ കൈമാറി. പ്രതിരോധമേഖലയിലുള്ള കേരളത്തിലെ ആദ്യത്തെ ഉത്പാദന യൂണിറ്റാണ് ഇത്. ഈ യൂണിറ്റിൽ 2008-09 സാമ്പത്തിക വർഷം DRDO 50 കോടി രൂപയുടെയും ISRO 15 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്.

### 3. Autokast-SFU-Indian Railways JV

- ചേർത്തലയിൽ റയിൽ കമ്പോണന്റ് ഫാക്ടറി തുടങ്ങുവാനുള്ള സംയുക്ത സംരംഭ കരാർ (MoU) 28th June 2008 ലും ഷെയർ ഹോൾഡേഴ്സ് എഗ്രിമെന്റ് കേരളസർക്കാരും, കേന്ദ്ര റയിൽവേ മന്ത്രാലായവുമായി 27 th Feb 09 ലും ഒപ്പുവെച്ചിരുന്നു. കേരളസർക്കാരും, കേന്ദ്ര റയിൽവേ മന്ത്രാലായവുമായുള്ള കരാറുകളുടെ അടിസ്ഥാനത്തിൽ രൂപികരിക്കുവാൻ ഉദ്ദേശിച്ച Kerala Rail Components Ltd എന്ന സംയുക്ത സംരംഭത്തിന്റെ മൊത്തം ഷെയർ ക്യാപ്പിറ്റൽ 36 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

- കേന്ദ്ര സർക്കാർ തലത്തിലൂടെ നടത്തിയ ശ്രമങ്ങളുടെ ഭാഗമായി, റെയിൽവേ അവരുടെ തന്നെ സ്ഥാപനമായ RITES നെ കൊണ്ട് പദ്ധതിയുടെ കാര്യക്ഷമത വീണ്ടും പഠനവിധേയമാക്കി. RITES ന്റെ റിപ്പോർട്ട് ഇപ്പോൾ Railway Board- ന്റെ പരിഗണനയിലാണ്. എന്നിരുന്നാലും ഇതിന്മേലുള്ള Railway യുടെ വ്യക്തമായ തീരുമാനം ഇനിയും റെയിൽവേ കേരള സർക്കാരിന് ഔദ്യോഗികമായി നൽകാനുണ്ട്.

## 4. SCL- SAIL JV

- കേരളത്തിലെ ഒരേയൊരു മിനി സ്റ്റീൽ പ്ലാന്റ് യൂണിറ്റായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും ഇതേ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്രപൊതുമേഖലയിലെ നവരത്ന കമ്പനികളിലൊന്നായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ ധാരണാപത്രം 03.05.2008 ൽ ഒപ്പുവെയ്ക്കുകയും തുടർന്ന് SCL ഉം SAIL ഉം തമ്മിലുള്ള സംയുക്തസംരംഭ കരാർ 10.12.2008 ൽ തിരുവനന്തപുരത്ത് വച്ച് ഒപ്പുവയ്ക്കുകയും ചെയ്തു. തുടർന്ന് SAIL 5 കോടി രൂപ working capital advance ആയി SCL ന് നൽകി.

- സ്റ്റീൽ കോംപ്ലക്സിന്റെ ഇപ്പോഴത്തെ പ്രവർത്തനം ലാഭകരമായി പ്രവർത്തിക്കുവാനുള്ള സാങ്കേതിക സഹായം നൽകുന്നതിനായി സെയിലിൽ നിന്നും സാങ്കേതിക വിദഗ്ദ്ധന്മാരുടെ പ്രവർത്തനം SCL ന് നൽകി വരുന്നു. എന്നിരുന്നാലും കമ്പനി പ്രതീക്ഷിച്ച രീതിയിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നില്ല. ഇപ്പോഴും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തനമൂലധനത്തിന്റെ അഭാവവും SCL ന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു കഴിഞ്ഞു. 50:50 എന്ന അനുപാതത്തിലെ സംയുക്ത സംരംഭമായതിനാൽ SAIL ൽ നിന്നും ആവശ്യമുള്ള വേഗത്തിൽ സഹായം ലഭ്യമാകുന്നില്ല. JV ലേക്കുള്ള നിക്ഷേപത്തിനും സർക്കാരിനും വേഗത്തിലുള്ള ഒരു തീരുമാനം സാദ്ധ്യമാകുന്നില്ല. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി കൈക്കൊള്ളേണ്ട പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## 5. KEL-BHEL JV

- Kerala Electrical & Allied Engg. Co. Ltd ന്റെ കാസർഗോടുള്ള യൂണിറ്റും, Bharat Heavy Electricals Ltd (BHEL)- മായി ചേർന്നുള്ള സംയുക്ത സംരംഭത്തിനായി കേരള സർക്കാരും BHEL മായി 03.02.2009-ൽ MoU-ൽ ഏർപ്പെട്ടു. തുടർന്നു കെല്ലിന്റെ കീഴിലുള്ള കാസർഗോഡ് യൂണിറ്റ് 28.03.2011 ൽ ഭെല്ലിനു കൈമാറുകയും പുതിയ സംരംഭം BHEL-EML എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.